കുറച്ചു. അവർ എന്നോടുപറഞ്ഞത് ഒരു മാസത്തേക്കേയുള്ളൂ, അതു കഴിഞ്ഞാലുടൻ കൂട്ടിയെടുത്തുകൊള്ളാമെന്നാണ്.

ഏഴിമല നേവൽ അക്കാഡമിയുടെ നിർമ്മാണം

2 (*148)ശ്രീ. ടി.കെ. ബാലൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. ടി.കെ. നൗഷാദ് :

ശ്രീ. സി.പി. ബാലൻ വൈദ്യർ :

ശ്രീ. പിരപ്പൻകോട് മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴിമല നേവൽ അക്കാഡമിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലിരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) എന്നാണ് ഇതിന്റെ നിർമ്മാണം ആരംഭിച്ചത്;

(സി) നേവൽ അക്കാഡമിയുടെ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തുകൊടുക്കേണ്ടതെന്ന് വിശദമാക്കുമോ;

(ഡി) ഇതിൽ ഏതെല്ലാം കാര്യങ്ങൾ ഇതിനകം സംസ്ഥാന സർക്കാർ ചെയ്തുകൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിനായി സംസ്ഥാന സർക്കാർ മൊത്തം എന്ത് തുക ചെലവഴിച്ചു;

(എഫ്)നേവൽ അക്കാഡമിയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഏഴിമല നേവൽ അക്കാഡമിയുടെ നിർമ്മാണം കേന്ദ്രപ്രതിരോധ മന്ത്രാലയമാണ് നടത്തുന്നത്. പ്രാഥമിക ഘട്ടം പണികളാണ് ഇപ്പോൾ നടന്നുവരുന്നത്. സംസ്ഥാന സർക്കാർ ചെയ്തുകൊടുക്കേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ പണി മിക്കവാറും പൂർത്തിയായിട്ടുണ്ട്.

(ബി) ആയിരത്തി തൊള്ളായിരത്തി എൺപത്തി നാലിൽ (1984) ഇതിന്റെ നിർമ്മാണം ആരംഭിച്ചു.

(സി) നേവൽ അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ ഭൂമി, ജലവിതരണം, വൈദ്യുതി വിതരണം, റോഡുകൾ, പാലങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് ചെയ്തുകൊടുക്കുന്നത്.

(ഡി) നേവൽ അക്കാഡമിക്കാവശ്യമായ 2359 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഇതിനകം ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. അക്കാഡമിയുടെ ആവശ്യത്തിനുള്ള 500 കിലോ വാട്ട് ശേഷി നൽകത്തക്കവിധം ഉദ്ദേശം 10 കി. മീറ്റർ 11 കെ.വി. ലൈനിന്റേയും അനുബന്ധ ട്രാൻസ്ഫോർമറുകളുടേയും നിർമ്മാണം പൂർത്തിയാക്കി.

താഴെപ്പറയുന്ന റോഡുകളുടെ പണിയും പാലക്കോട് പാലത്തിന്റെ പണിയും പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. പുന്നക്കടവ്-കുന്നരു-പാലക്കോട്
2. രാമൻതളി-ചൂളക്കടവ്
3. രാമൻതളി-കുന്നരു
4. എട്ടിക്കുളം-പാലക്കോട്
5. എട്ടിക്കുളം-എട്ടിക്കുളം ബസാർ റോഡ്
6. രണ്ടാം നമ്പർ ഗേറ്റ് മുതൽ ഹൈലെവൽ വാട്ടർ ടാങ്കുവരെ
7. എട്ടിക്കുളം എച്ച് എസ് - പാലക്കോട്
8. പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ രാമന്തളി-എട്ടിക്കുളം റോഡുകൾ
9. മുട്ടം-പാലക്കോട് പാലവും സമീപന റോഡും

അക്കാഡമിക്കാവശ്യമായ ജലം നൽകുന്നതിലേയ്ക്ക് താഴെപറയുന്ന പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

1. പമ്പ്ഹൗസ് ഉൾപ്പെടെ 5 കിണറുകളും അതിൽ പമ്പ്സെറ്റുകളും
2. 2 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള സംപ്
3. 14 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ലോ ലെവൽ ജി.എൻ. ടാങ്ക്
4. 13 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഹൈ ലെവൽ ജി.എൻ. ടാങ്ക്
5. ആവശ്യമായ പമ്പുസെറ്റുകളും സംപും ബൂസ്റ്ററുകളും
6. രണ്ടാം ഘട്ടപണിയായി 8 എം.എൽ.ഡി. ട്രീറ്റുമെന്റ് പ്ളാന്റ്.

അക്കാഡമിയുടെ ആവശ്യത്തിലേയ്ക്കായി എട്ടിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നവീകരണം പൂർത്തിയാക്കി ആവശ്യമായ സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ട്. കൂടാതെ അക്കാഡമി പരിസരത്തേയ്ക്ക് കെ.എസ്. ആർ.ടി.സി. ബസുകൾ ഓടിക്കാനും തുടങ്ങിയിട്ടുണ്ട്.

(ഇ) ഇതിനായി സംസ്ഥാന സർക്കാർ ഉദ്ദേശം 44.89 കോടി രൂപ ചെലവഴിച്ചു.

(എഫ്) നേവൽ അക്കാഡമിയുടെ നിർമ്മാണം കേന്ദ്ര പ്രതിരോധ മന്ത്രാലയമാണ് നടത്തുന്നത്. എത്രയും വേഗം പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2003 അവസാനത്തോടെ നേവൽ അക്കാഡമിയുടെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി കേന്ദ്ര പ്രതിരോധ മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

<u>ശ്രീ. ടി.കെ. ബാലൻ</u> : ഏഴിമല നാവിക അക്കാഡമി സ്ഥാപിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം എന്നാണ് ഉണ്ടായതെന്നും ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാർ അംഗീകരിച്ചത് എന്നാണെന്നും വെളിപ്പെടുത്തുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : അക്കാഡമി സ്ഥാപിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം 1982 മേയ് മാസത്തിൽ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് 1995 മാർച്ച് മാസത്തിലാണ് പൂർത്തിയാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. ബാലൻ : ഇതിന്റെ പശ്ചാത്തല സൗകര്യം സംസ്ഥാന ഗവണ്മെന്റാണ് ഏർപ്പാട് ചെയ്യുന്നത്. അതിൽ ഒട്ടുമുക്കാലും കാര്യങ്ങൾ ചെയ്തതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നേവൽ അക്കാഡമിക് ആവശ്യമായിട്ടുള്ള ഉപകരണങ്ങളും ആളുകളും വന്നിറങ്ങിയാൽ നേരെ വളപട്ടണം, ഇരുണാവ്, മാട്ടൂർ, മടക്കര വഴി കോസ്റ്റൽ ഏരിയയിലൂടെ അക്കാഡമി സ്ഥലത്തേയ്ക്ക് എത്താനുള്ള ഒരു റൂട്ടിനെ സംബന്ധിച്ച് പ്രാഥമികമായ സർവ്വേ നടത്തിയതാണ്. അത് ഇന്നേവരെ അംഗീകരിച്ചിട്ടില്ല. അത് അംഗീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ഇപ്പോൾ അറിയിക്കാനേ വഴിയുള്ളൂ. ഇതിന്റെ മുഴുവൻ ഉത്തരവാദിത്വവും കേന്ദ്രത്തിനാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : 1996 ഒക്ടോബറിൽ പ്രധാനമന്ത്രിക്ക് മെമ്മോറാണ്ടം നൽകിയതിനുശേഷം പിന്നീട് എന്നെങ്കിലും കേന്ദ്രത്തിലേക്ക് കത്തയയ്ക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ എന്നാണ്; അതിന്റെ വിശദവിവരം വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : 1996 ഒക്ടോബർ 31-ാം തീയതി കേന്ദ്രത്തിലേക്ക് കത്തയയ്ക്കുകയുണ്ടായി. അതിന് അവർ മറുപടി നൽകിയിട്ടുള്ളത് 2003-ൽ ഇത് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുവെന്നാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : ഏഴിമല നേവൽ അക്കാഡമിയുടെ നിർമ്മാണം സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് എന്തെങ്കിലും നിവേദനം മന്ത്രിസഭാതലത്തിൽ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ; കാക്കടവ് പദ്ധതി ഇതിനാവശ്യമായ ജലസ്രോതസ്സ് ആയിട്ട് കണ്ടെത്തുകയും അതിന്റെ പ്രവർത്തനം നടത്തും എന്ന് ഇതിനു മുമ്പ് സമ്മതിച്ചിട്ടുള്ളതുമാണ്. ആ കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റ് ഇപ്പോൾ എന്തെങ്കിലും ആലോചിക്കുന്നുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : ഇപ്പോൾ അതിന്റെ ലെവൽ താഴ്ത്തിക്കൊണ്ട് ആ വെള്ളം നേവൽ അക്കാഡമിക്ക് കിട്ടത്തക്കവിധത്തിലുള്ള സൗകര്യം ഉണ്ടാക്കിയിട്ടുണ്ട്. പണ്ടത്തെ ലെവൽ അല്ല.

ശ്രീ. ടി.കെ. നൗഷാദ് : ഏഴിമല നേവൽ അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഉന്നതതല സമിതി രൂപികരിച്ചിട്ടുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. ടി.കെ. നൗഷാദ് : ഈ ഉന്നതതല സമിതി നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രവർത്തനപുരോഗതി വിലയിരുത്തുന്നതിന് യോഗം കൂടാറുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : കൂടാറുണ്ട്.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സംസ്ഥാന ഗവണ്മെന്റ് ചെയ്തുകൊടുക്കേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുത്തതിന്റെ വിശദവിവരങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര ഗവണ്മെന്റ് നേവൽ അക്കാഡമിക്കുവേണ്ടി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കേണ്ടത്; അത് തുട

ങ്ങിക്കഴിഞ്ഞോ; അതിൽ എന്തെല്ലാം ഭാഗം ഇനി പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ഇനി സംസ്ഥാന സർക്കാർ പൂർത്തിയാക്കാനുള്ളതിനെക്കുറിച്ച് പറയാം. സംസ്ഥാന സർക്കാർ താഴെപ്പറയുന്ന പണികളാണ് പൂർത്തീകരിച്ച് നൽകുവാനുള്ളത്.

1. ജലം ലഭ്യമാക്കുന്നതിലേയ്ക്കായി 2-ാം ഘട്ട പണിയായി ഒരു ഇൻടേക്ക് കിണറിന്റെ നിർമ്മാണം നടന്നുവരികയാണ്.
2. 11 കെ.വി. ഡിസ്ട്രിബ്യൂഷൻ ലൈനിനോടൊപ്പം 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം.
3. 2-ാം ഘട്ട പണിയായി ഏഴിമല ടോപ്പ് റോഡ് നിർമ്മാണം.
4. മായോളിക്കടപ്പുറത്ത് ഭിത്തി നിർമ്മാണം.
5. വെട്ടിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഐ.പി. വിഭാഗത്തിന്റെ പ്രവർത്തനം തുടങ്ങലും അതിനാവശ്യമായ കൂടുതൽ ജീവനക്കാരെ നിയമിക്കലും.
6. കാക്കടവിൽ നിർമ്മിച്ച് ഏഴിമലയിലേക്ക് വെള്ളം എത്തിക്കുന്ന പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

ശ്രീ. സി.പി. ബാലൻ വൈദ്യർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ച കാര്യങ്ങളുംകൂടി പൂർത്തിയായിക്കഴിഞ്ഞാൽ സംസ്ഥാന ഗവൺമെന്റിന്റെ ബാദ്ധ്യതയെല്ലാം പൂർത്തിയായിക്കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റ് അവിടെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത്? അത് എത്രത്തോളമായി; എന്ത് ബാക്കിയുണ്ട് എന്നുള്ളത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വെളിപ്പെടുത്താമോ?

മിസ്റ്റർ സ്പീക്കർ : ഇതിനുള്ള ഉത്തരം നേരത്തേ പറഞ്ഞുകഴിഞ്ഞു.

ശ്രീ. പിരപ്പൻകോട് മുരളി : നാവിക തന്ത്രം പരിശീലിപ്പിക്കാൻ എന്തൊക്കെ പ്രത്യേക സംവിധാനമാണ് നേവൽ അക്കാഡമിയുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദീകരിക്കാമോ?

ശ്രീ. ഇ.കെ. നായനാർ : നാവിക അക്കാഡമിയിലെ ഉന്നത ഉദ്യോഗസ്ഥൻമാരും സംസ്ഥാന ഉന്നതതല ഉദ്യോഗസ്ഥൻമാരും യോഗങ്ങളിൽ സംബന്ധിച്ച് അക്കാഡമിയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതിക്കാവശ്യമായ തീരുമാനങ്ങൾ എടുക്കുകയും നടപ്പിലാക്കാൻ തീവ്രശ്രമങ്ങൾ തുടരുകയും ചെയ്യുന്നുണ്ട്.

ശ്രീ. പിരപ്പൻകോട് മുരളി : നേവൽ അക്കാഡമിയിലേയ്ക്ക് കേഡറ്റുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്? ഈ കാര്യത്തിൽ കേരളത്തിന് പ്രാതിനിധ്യം ഉറപ്പുവരുത്താൻ സംസ്ഥാന ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ?

ശ്രീ. ഇ.കെ. നായനാർ : സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റും തമ്മിൽ ബന്ധപ്പെട്ടാണ് ഇത് പൂർത്തിയാക്കുന്നത്. ആറായിരം പേർക്ക് ട്രെയിനിംഗ് കൊടുക്കുന്ന ഒരു സെന്ററാണ്. പണി പൂർത്തിയായാൽ ചുറ്റുപാടുമുള്ള പരിതസ്ഥിതിതന്നെ ആകെ മാറും. അവരെ അവിടെ എടുക്കുന്നത് കേന്ദ്രത്തിന്റെ നേതൃത്വത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. വേണുഗോപാൽ : നേവൽ അക്കാഡമിയുടെ ഏറ്റവും അടുത്തുള്ള പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ ഇപ്പോഴും വലിയ സൗകര്യങ്ങളൊന്നുമില്ലാതെ കിടക്കുകയാണ്. ഇതിന്റെ വികസനത്തിനുവേണ്ടിയുള്ള ഒരു പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന്റെ മുൻപാകെ ഉണ്ട്. ഇതിനാവശ്യമായ സ്ഥലം നൽകുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിച്ചാൽ ഈ റെയിൽവേ സ്റ്റേഷനിൽ വളരെ സൗകര്യങ്ങൾ ഉണ്ടാക്കാൻ സാധിക്കും അതിനുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : സ്വീകരിക്കാം. പക്ഷേ അവിടെയല്ല പ്രശ്നമുള്ളത്. ഇതിന്റെ പ്ളാൻ 2003 ആകുന്നതോടെമാത്രമേ പൂർത്തിയാകുകയുള്ളൂ. കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണനയുടെ പ്രശ്നവും ഇതിനകത്തുണ്ട്. പ്ളാൻ പൂർത്തിയാക്കുവാൻ നമ്മൾ നിരന്തരം സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. അതേസമയം ഡിഫൻസിന്റെ പണം ഇതിനുവേണ്ടി നീക്കുന്നില്ല. ഡിഫൻസിലാണ് ഇതിന്റെ പണം. ഉൾക്കൊള്ളിക്കേണ്ടത്. ഇപ്പോഴത്തെ പ്ളാനിംഗ് കമ്മീഷൻ ചെയർമാനായ ശ്രീ. കെ.സി. പാന്ത് ഡിഫൻസ് മിനിസ്റ്റർ ആയിരുന്നയാളാണ്. അദ്ദേഹത്തിന്റെ അടുത്തും ഞാൻ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. ഇതാരംഭിക്കുന്നത് ഇന്ദിരാഗാന്ധിയുടെ കാലഘട്ടത്തിലാണ്. സ്ഥാപനം തുടങ്ങിയത് രാജീവ്ഗാന്ധിയുടെ കാലഘട്ടത്തിലും പക്ഷേ സമ്മതിച്ചത് ഇന്ദിരാഗാന്ധിയുടെ കാലഘട്ടത്തിൽ. ഇത്രയും കാലത്തെ പാരമ്പര്യം ഇതിനുണ്ട്. എന്നാലും ഡിഫൻസ് പണം നീക്കുന്നില്ല. അതാണ് ഇതിന്റെ കാരണം. കേന്ദ്രം കേരളത്തോട് കാണിക്കുന്ന ഒരു അവഗണനയുടെ പ്രശ്നം ഇതിലും ഉണ്ട്. 4000 ആൾക്കാർക്ക് ട്രെയിനിംഗ് കൊടുക്കുന്നു. കൊച്ചി കഴിഞ്ഞാൽ ഏറ്റവും വലിയ സെന്ററാണിത്. ഡവലപ്പ് ചെയ്താൽ ഇൻഡ്യയിൽ ഇത് രണ്ടാമത്തേതോയോ മൂന്നാമത്തെയോ സെന്ററാകും. പക്ഷേ ഇതിന്റെ പണി നീട്ടിനീട്ടിക്കൊണ്ടുപോകുകയാണ്. ഇപ്പോൾ പഴയ പയ്യന്നൂരല്ല. ഇതു പൂർത്തിയാകുപോൾ ഇപ്പോഴത്തെ പയ്യന്നൂരൊന്നും കണ്ടാൽ മനസ്സിലാകുകയില്ല. 60 ഫീറ്റ് റോഡ് (കണ്ണൂർ മുതൽ നേവൽ അക്കാഡമിവരെ) നേവൽ അക്കാഡമിക്കുള്ള റോഡാണ്. അതാണ് ഇതിന്റെ സ്കീം. കേന്ദ്രത്തിൽനിന്ന് പണം കിട്ടുന്നില്ല. ഡിഫൻസാണ് കൊടുക്കേണ്ടത്. നിങ്ങൾ പറഞ്ഞാലും ഞങ്ങൾ പറഞ്ഞാലും കൊടുക്കുകയില്ല. എത്രയോ തവണ ഞാൻ ഡിഫൻസ് മിനിസ്റ്ററെ കാണുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തു ഇതിൽ കേന്ദ്രഗവൺമെന്റിന്റെ ഒരു അവഗണനയുണ്ട്. 6000 ആളുകൾക്ക് ട്രെയിനിംഗ് കൊടുക്കുന്ന ഒരു വലിയ സ്കീം ആണ്. ഇതു വന്നാലുള്ള പൊസിഷൻ എന്താകും? ഇൻഡ്യയെ രക്ഷിക്കാൻ ഇൻഡ്യയിലുള്ള ഏറ്റവും വലിയ ഡിഫൻസ് സെന്ററാണിത്. ഇന്ദിരാഗാന്ധിയാണ് ഇത് അവസാനം അക്സപ്റ്റ് ചെയ്തത്. ഞാൻ ഇന്ദിരാഗാന്ധിയോട് സംസാരിച്ചപ്പോൾ ആദ്യം പറഞ്ഞു എം.ജി. ആർ.-ന് കൊടുക്കാതെ നിങ്ങൾക്കൊന്നും തരാൻ പറ്റില്ലെന്ന്. എം.ജി.ആർ- ന് ഒന്നു കൊടുത്തു. അതൊരു പൊളിറ്റിക്കൽ ഡിസിഷൻ ആയിരുന്നു. എം.ജി.ആർ-ന് കൊടുത്തിട്ടാണ് നമുക്കു തന്നത്. ഇത്രയും വലിയ ഒരു സ്കീമിന് കേന്ദ്രത്തിന്റെ അവഗണനയാണ് പ്രധാന പ്രശ്നം. ഡിഫൻസിൽനിന്നും പണം നീക്കുന്നില്ല. ഇപ്പോൾ പറയുന്നത് 2003-ൽ തീർക്കാമെന്നാണ്. പൂർത്തിയാക്കുമോ എന്ന് എനിക്ക് പറയാൻ കഴിയുകയില്ല. ഇപ്പോൾ കേന്ദ്രം ഭരിക്കുന്നത് ബി.ജെ.പി ഗവൺമെന്റാണ്. എന്താണ് ചെയ്യുന്നതെന്ന് അറിയാൻ കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : ഏഴിമല നേവൽ അക്കാഡമിയോടനുബന്ധിച്ച് കാക്കടവിൽ ഒരു വൻ ശുദ്ധജലവിതരണ പദ്ധതിക്ക് ആരംഭം കുറിച്ചു എന്നു പറഞ്ഞു. പക്ഷേ ആ പദ്ധതി ആരംഭിക്കുമ്പോൾ ഏഴിമല നേവൽ അക്കാഡമിക്കുകൂടി പ്രയോജനം ലഭിക്കുന്നതോടൊപ്പംതന്നെ തൊട്ടടുത്തുള്ള പഞ്ചായത്തുകൾക്കുകൂടി കുടിവെള്ളം എത്തിക്കാനുള്ള പ്രൊപ്പോസലാണോ വാട്ടർ അതോറിറ്റിക്ക് സമർപ്പിച്ചത് ?

ശ്രീ. ഇ.കെ നായനാർ : കാക്കടവ് പദ്ധതിയുടെ കാര്യം ശ്രീ.ടി.എം ജേക്കബ്ബിന് അറിയാം. അന്ന് ശ്രീ.ടി.എം. ജേക്കബ് മന്ത്രിയായിരുന്നു. കാക്കടവ് പദ്ധതി പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ. അതു പൂർത്തിയാക്കിയിട്ട് വേണ്ടേ അപ്പുറത്ത് വെള്ളം കിട്ടാൻ. ഇതു പൂർത്തിയായിക്കഴിഞ്ഞാൽ വെള്ളം കിട്ടുമല്ലോ. ഇവിടുന്നാണ് വെള്ളം നേവൽ അക്കാഡമിക്ക് പോകേണ്ടത്. അവർ ഇപ്പോൾ വേറൊരു പ്ലാൻ ആലോചിക്കുകയാണ്.

ശ്രീ. കെ.സി. ജോസഫ് : സർ, നേവൽ അക്കാഡമിക്ക് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളൊക്കെ ഒരുക്കിക്കൊടുക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് സന്നദ്ധമായിട്ടുണ്ടെന്നും സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ മിക്കവാറും പൂർത്തിയാക്കിക്കഴിഞ്ഞുവെന്നും അതിനായി 45 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞുവെന്നും എന്നാൽ ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടെന്നും മുഖ്യമന്ത്രി പറയുകയുണ്ടായി. ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് അവസാനമായി കമ്മ്യൂണിക്കേഷൻ അയച്ചത് 1996 ഒക്ടോബറിലാണ്. അതിനുശേഷം വീണ്ടും ഇതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിലേക്ക് എഴുതുന്നതിന് എന്തുകൊണ്ടാണ് ഇത്രയും കാലതാമസമുണ്ടായത്; സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുള്ള നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ പുതിയ കേന്ദ്ര ഗവൺമെന്റിൽ വേണ്ട സമ്മർദ്ദം ചെലുത്തുന്നതിന് മുഖ്യമന്ത്രി ശ്രമിക്കുമോ? ഇക്കാര്യത്തിലുണ്ടായിട്ടുള്ള കേന്ദ്രഗവൺമെന്റിന്റെ അലംഭാവം അവസാനിപ്പിക്കുന്നതിനും അക്കാഡമി സ്ഥാപിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും വേണ്ട നടപടി സംസ്ഥാനഗവൺമെന്റ് സത്വരമായി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ഇതിനായി തീർച്ചയായും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താം, ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താം. കേന്ദ്ര ഡിഫൻസ് വകുപ്പാണ് ഇക്കാര്യത്തിൽ വേണ്ട മേൽനടപടികൾ സ്വീകരിക്കേണ്ടത്. പണം ചെലവഴിക്കേണ്ടത് ഡിഫൻസ് വകുപ്പാണ്. നമ്മൾ ഇക്കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആറായിരംപേർക്ക് ട്രെയിനിംഗ് കൊടുക്കേണ്ടത് അവരാണ്, നമ്മളല്ല. കൊച്ചിയേക്കാളും കൂടുതലായിട്ടുള്ള സൗകര്യങ്ങളൊക്കെ അവിടെയുണ്ട്. ഇത് സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ട കൂട്ടായ സമ്മർദ്ദം ചെലുത്താൻ നമ്മൾ തയ്യാറാണ്. ഇത് 2003-ൽ പൂർത്തിയാക്കുമെന്ന് പറഞ്ഞത് കൊച്ചിൻ നേവൽ അക്കാഡമിയുടെ ചീഫ് ആണ്. അല്ലാതെ നമുക്ക് എന്തെങ്കിലും കമ്മ്യൂണിക്കേഷൻ കിട്ടിയതല്ല. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ നേരത്തേ മറുപടി പറഞ്ഞത്.

മി. സ്പീക്കർ : യേസ്, ചോദ്യം 149, ശ്രീ.പി. രാഘവൻ, മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി.